പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1664 — 16.03.2015-ൽ മറുപടിക്ക്

മാലിന്യപ്രശ്ന പരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>" എ.പി.അബ്ദുള്ളക്കുട്ടി<br>" എ.റ്റി.ജോർജ്<br>" ഷാഫി പറമ്പിൽ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ;<br><br>(ബി) മാലിന്യസംസ്കരണത്തിന് ശുചിത്വമിഷൻ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) മാലിന്യ സംസ്ക്കരണം എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. 1994-ലെ കേരളാ നഗര പാലിക ചട്ടം, കേരളാ പഞ്ചായത്ത് രാജ് നിയമം എന്നിവ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, പരിവഹണം, സംസ്ക്കരണം, നിർമ്മാജ്ജനം എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം നിർവ്വഹിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. സർക്കാരിന്റെ ഭാഗത്ത് നിന്നും അതിനുള്ള സഹായമാണ് നൽകി വരുന്നത്. അതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ മാലിന്യ സംസ്ക്കരണ ശാലകൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ള മാലിന്യ സംസ്ക്കരണ ശാലകൾ ആധുനികവൽക്കരിക്കുന്നതിനും സർക്കാർ ഭാഗത്തു നിന്നുള്ള ഉയർന്ന തോതിലുള്ള സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിച്ചു വരുന്നു. കൂടാതെ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിലേയ്ക്കായി വീടുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കല്ല്യാണ മണ്ഡപങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന മാലിന്യ സംസ്ക്കരണ പദ്ധതികൾക്ക് ഉയർന്ന തോതിലുള്ള സബ്സിഡി നൽകിയും പ്രോത്സാഹനം നൽകിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നു. മാലിന്യ സംസ്ക്കരണത്തിന് പൊതുജന പങ്കാളിത്തം ഉറപ്പാക്കാനായി ഒരു വലിയ ബോധവൽക്കരണ പരിപാടി, ഓരോ വ്യക്തിയും മാലിന്യ സംസ്ക്കരണത്തിൽ തങ്ങളുടെ കടമ നിറവേറ്റാൻ പ്രേരിപ്പിക്കുന്ന തരത്തിൽ 2014 ജൂൺ 5 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| സി) | മാലിന്യസംസ്കരണത്തിൽ ശുചിത്വമിഷൻ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന മാലിന്യ സംസ്ക്കരണ പദ്ധതികൾക്ക് സാങ്കേതിക സഹായവും പദ്ധതിക്കുള്ള സാങ്കേതിക അനുമതിയും സർക്കാർ ഭാഗത്തു നിന്നുള്ള സാമ്പത്തിക സഹായവും നൽകുക എന്ന ഉത്തരവാദിത്തമാണ് ശുചിത്വമിഷനിൽ നിക്ഷിപ്തമായിട്ടുള്ളത്. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സാങ്കേതിക സഹായം നൽകുന്നതിന് ശുചിത്വമിഷനിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെയും, വിപുലീകരണത്തിന് സഹായിക്കാനുള്ള ഉദ്യോഗസ്ഥരുടെയും വമ്പിച്ച കുറവ് ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതു സംബന്ധിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ